## ചെയർമാൻ, ഡി.ഡി.എം.എ & ജില്ലാ കലക്ടർ വയനാടിന്റെ നടപടിക്രമം

(ഹാജർ: ഡോ. അദീല അബ്ദുള്ള, ഐ.എ.എസ്)

വിഷയം:- പക്ഷിപ്പനി തടയുന്നത് - മറ്റു സംസ്ഥാനങ്ങൾ, ജില്ലകളിൽ നിന്നുമുള്ള പൌൾട്രിയും അനുബന്ധ ഉൽപ്പന്നങ്ങളും ജില്ലയിലേക്ക് കൊണ്ടു വരുന്നതിന് നിയന്ത്രണം -ഭേദഗതി വരുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന – 1) ഈ കാര്യാലയത്തിലെ 10/03/2020 തീയതിയലെ ഇതേ. നം. നടപടിക്രമം.

2) ഈ കാര്യാലയത്തിലെ 13/03/2020 തീയതിയിലെ ഇതേ നം. നടപടിക്രമം.

3) ഈ കാര്യാലയത്തിലെ 16/3/2020 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

4) ജില്ലാ മൃസംഗരക്ഷണ ഓഫീസറുടെ 16/03/2020 തീയതിയിലെ DAHO/WYD/304/2020-B2 നം. കത്ത്

### ഉത്തരവ് നം. DCWYD/2131/2020/DM4 തീയതി: 17/03/2020

വയനാട് ജില്ലയുടെ അയൽ ജില്ലകളിൽ പക്ഷിപ്പനി പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിനു പുറത്തുനിന്നും, സംസ്ഥാനത്തെ മറ്റു ജില്ലകളിൽ നിന്നുമുള്ള പൌൾട്രിയും അനുബന്ധ ഉൽപ്പന്നങ്ങളും ഇവ കൊണ്ടു വരുന്ന വാഹനങ്ങളും വയനാട് ജില്ലയിലേക്ക് പ്രവേശിക്കുന്നതിന് നിരോധനം ഏർപ്പെടുത്തി സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സൂചന 2 പ്രകാരം പ്രസ്തുത നിരോധനം മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പരിമിതപ്പെടുത്തിയും സൂചന 3 പ്രകാരം നിരോധനം മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളുടെ 1 കി.മീ ചുറ്റളവിലുള്ള ഇൻഫെക്ടഡ് സോണിൽ നിന്നോ 1 മുതൽ 10 കി.മീ ചുറ്റളവിലുള്ള സർവൈലൻസ് സോണിൽ നിന്നോ കൊണ്ടു വരുന്ന പക്ഷികൾക്ക് മാത്രമാക്കി പരിമിതപ്പെടുത്തിയും ഉത്തരവായിട്ടുള്ളതാണ്.

കർണ്ണാടക സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ സംസ്ഥാന അതിർത്തി വഴി പൗൾട്രി/പൗൾട്രി ഉൽപ്പന്നങ്ങൾ കൊണ്ടു വരുന്നത് നിരോധിക്കണമെന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർ സൂചന 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലേക്ക് കർണ്ണാടക സംസ്ഥാന അതിർത്തി വഴി പൗൾട്രി/പൗൾട്രി ഉൽപ്പന്നങ്ങൾ കടത്തി കൊണ്ടു വരുന്നത് ദുരന്ത നിവാരണ നിയമത്തിലെ 34(b) വകുപ്പ് പ്രകാരം നിരോധിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

കർണ്ണാടക അതിർത്തി ചെക്ക് പോസ്റ്റുകളിൽ കൂടി വരുന്ന വാഹനങ്ങളുടെ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ നടത്തേണ്ടതാണ്.

സൂചന 1, 2 പ്രകാരമുളള ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ നില നിൽക്കുന്നതാണ്.

(ഒപ്പ്)

ചെയർമാൻ ഡി.ഡി.എം.എ & ജില്ലാ കലക്ടർ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.

പകർപ്പ് 1. ജില്ലാ പോലീസ് മേധാവി.
2. ഡി.എഫ്.ഒ നോർത്ത് വയനാട്, മാനന്തവാടി.
3. ഡി.എഫ്.ഒ സൌത്ത് വയനാട്, കൽപ്പറ്റ.
4. വൈൽഡ് ലൈഫ് വാർഡൻ, സു. ബത്തേരി.
5. ജില്ലാ മൃഗ സംരക്ഷണ ഓഫീസർ, കൽപ്പറ്റ.
6. ഡെ. കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി, വയനാട്, കൽപ്പറ്റ.
7. ആർ.ടി.ഒ., വയനാട്. കൽപ്പറ്റ.
8. ജില്ലാ മെഡിക്കൽ ഓഫീസർ, മാനന്തവാടി.
9. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കലക്ടറേറ്റ്, വയനാട്.
10. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ( വെബ്സൈറ്റിൽ പബ്ളിഷ് ചെയ്യുന്നതിനായി).